# ധനകാര്യ സ്ഥാപനങ്ങളും സേവനങ്ങളും

1. ഇന്ത്യയുടെ കേന്ദ്രബാങ്ക് ഏതാണ്? * റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ.
2. റിസർവ് ബാങ്കിന്റെ ആസ്ഥാനം എവിടെയാണ് ? * മുംബൈ
3. ഒരു രൂപാ നോട്ടും അനുബന്ധ നാണയങ്ങളും അച്ചടിച്ചിറക്കുന്നത് ആരാണ്? * കേന്ദ്ര ധനകാര്യ വകുപ്പ്.

4 ആധുനിക രീതിയിലുള്ള ഇന്ത്യയിലെ ആദ്യത്തെ ബാങ്ക്? * ബാങ്ക് ഓഫ് ഹിന്ദുസ്ഥാൻ

5. ദേശ സാൽകൃത ബാങ്കുകൾക്ക് ഉദാഹരണം? ബാങ്ക് ഓഫ് ഇന്ത്യ, കനറാ ബാങ്ക്,

ഇന്ത്യൻ ബാങ്ക്.

6. പൊതു മേഖലയിൽ പ്രവർത്തിക്കുന്ന വാണിജ്യ ബാങ്ക്? * SBI

7. വാണിജ്യ ബാങ്കുകളുടെ അടിസ്ഥാന ധർമ്മങ്ങൾ ? * നിക്ഷേപം സ്വീകരിക്കുക, വായ്പ നൽകുക.

8. പൊതുജനങ്ങൾക്ക് സമ്പാദ്യം നിക്ഷേപിക്കാൻ സഹായകമായ പദ്ധതി? സമ്പാദ്യ നിക്ഷേപം.

9. ഒരു ദിവസം തന്നെ ധാരാളം പ്രാവശ്യം പണം നിക്ഷേപിക്കാനും പിൻവലിക്കാനും സൗകര്യം നൽകുന്ന നിക്ഷേപം? * പ്രചലിത നിക്ഷേപം.

10. വ്യക്തികൾക്ക് അക്കൗണ്ടിലുള്ളതിനേക്കാൾ പണം പിൻ വലിക്കാൻ ബാങ്ക് നൽകുന്ന അവസരം ? * ഓവർ ഡ്രാഫ്റ്റ്.

11. ഇന്ത്യയിലെ വികസന ബാങ്കിന് ഉദാഹരണം നൽകുക? * IFCI

12. ഗ്രാമീണ വികസനത്തിനും കാർഷിക വികസനത്തിനുമായി പ്രവർത്തിക്കുന്ന ഇന്ത്യയുടെ പരമോന്നത ബാങ്ക്? * നബാർഡ്

13. വനിതാ ശാക്തീകരണം ഇന്ത്യയുടെ ശാക്തീകരണം എന്ന മുദ്രാവാക്യത്തോടെ ആരംഭിച്ച ബാങ്ക്? * ഭാരതീയ മഹിളാ ബാങ്ക്

14. കുറഞ്ഞ വരുമാനക്കാരേയും ചെറുകിട വ്യവസായികളെയും കുടിയേറ്റ തൊഴിലാളികളെയും സഹായിക്കുന്നതിന് രൂപം കൊണ്ട ബാങ്ക്? *പെയ്മെന്റ് ബാങ്കുകൾ.

15. കേരളത്തിൽ പ്രവർത്തിക്കുന്ന പ്രധാന ബങ്കിതര ധനകാര്യ കമ്പനി ഏതാണ്? * KSFE

16. പൊതു മേഖലയിൽ പ്രവർത്തിക്കുന്ന മ്യൂച്ചൽ ഫണ്ട് സ്ഥാപനത്തിന് ഉദാഹരണം എഴുതുക? * യൂണിറ്റ് ട്രസ്റ്റ് ഓഫ് ഇന്ത്യ (UTI)

* LIC മ്യൂച്ചൽ ഫണ്ട്

* SBI മ്യൂച്ചൽ ഫണ്ട്

17. ഇന്ത്യയിൽ വ്യക്തിയുടെ ജീവനും ആരോഗ്യവും സംരക്ഷിക്കുന്നതിനായി പ്രവർത്തിക്കുന്ന ഇൻഷൂറൻസ് സ്ഥാപനം ഏതാണ്? * LIC

18. ഇന്ത്യയിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന നോൺ ലൈഫ്  ഇൻഷൂറൻസ് കമ്പനി കൾക്ക്  ഉദാഹരണം? * ജനറൽ ഇൻഷൂറൻസ് കമ്പനി

19. മൈകോ ഫിനാൻസിന് ഉദാഹരണം ? കുടുബശ്രീ യൂണിറ്റുകൾ.